**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

---

**നക്ഷത്ര ചിഹ്നമിടാത്ത** **27.02.2018 - ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 446**

**വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ**

.....................

ചോദ്യം

ശ്രീ. എം. രാജഗോപാലൻ

മറുപടി

**ശ്രീ. എ. സി. മൊയ്തീൻ**

**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ ഭൂമി വ്യവസായ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇപ്രകാരം ലഭ്യമാകുന്ന ഭൂമിയിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാകുമോ ; വിശദമാക്കാമോ ?

(എ) : യും (ബി) യും

നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ സംരംഭകർക്കായി നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.

കേ/22/02